## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4010** **25.06.2014**-ൽ മറുപടിക്ക്

## 'കോഴിക്കോട് ജില്ലയിലെ വികസന പദ്ധതികൾ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2014-15 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) മറുപടി അനുബന്ധം-1 ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു. |
| (ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള തും ആരോഗ്യ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കു ന്നതുമായ പദ്ധതികൾ ഏതെല്ലാമെ ന്ന് വിശദമാക്കാമോ? | (ബി) മറുപടി അനുബന്ധം-2 ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

## ആരോഗ്യവകുപ്പ്

1 മെന്റൽ ഹെൽത്ത് സെന്റർ കോഴിക്കോട്, ഇംപ്രൂവ്മെന്റ് ഓഫ് മെന്റൽ ഹെൽത്ത് സെന്റേഴ്സ് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നി പദ്ധതികളിലായി കോഴിക്കോട് ജില്ലയിലെ മെന്റൽ ഹെൽത്ത് സെന്ററിന് യഥാക്രമം 20 ലക്ഷം രൂപയുടെയും 75 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് വേണ്ടി 2014-15 ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2 കോഴിക്കോട് ഹെൽത്ത് & ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തികൾക്കായി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനു മതി നൽകിയിട്ടുണ്ട്.

3 കോഴിക്കോട് ഗവ. നഴ്സിംഗ് സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി (8.245 ലക്ഷം രൂപയുടെ) ഭരണാനുമതി നൽകിയിട്ടുണ്ട്.

4 സ്ട്രങ്ത്തനിംഗ് ഓഫ് ഡയഗ്നോസ്റ്റിക് സർവ്വീസസ് എന്ന സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5 പ്രധാന നിർമ്മാണത്തിനാവശ്യമായ പ്രവൃത്തികൾ എന്ന സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള 2014-15 ബജറ്റിൽ കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയിൽ സൈക്യാട്രി വാർഡ് നിർമ്മിക്കുന്നതിന് തുക വകയിരുത്തി യിട്ടുണ്ട്. കൂടാതെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് ബജറ്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുകയിൽ മറ്റ് ജില്ലകളിൽ അനുവദിച്ചതിന് ആനുപാതികമായി ഫണ്ട് കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

## മെഡിക്കൽ വിദ്യാഭ്യാസവകുപ്പ്

6 2014-15 സാമ്പത്തിക വർഷം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അപ്ഗ്രഡേഷനു വേണ്ടി പി.എം.എസ്.എസ്.വൈ (PMSSY) സ്കീം പ്രകാരം 495 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആശുപത്രി മാലിന്യ സംസ്കരണം, 13-ാം

ധനകാര്യകമ്മീഷൻ, മെഡിക്കൽ കോളേജിലെ ബേൺസ് യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, വന്ധ്യതാ നിവാരണ യൂണിറ്റ്, അവയവദാന പദ്ധതി മുതലായ സ്കീമുകളിലേയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭാരതീയ ചികിത്സാവകുപ്പ്

7 പുറക്കാട്ടേരിയിൽ കുട്ടികൾക്കും മുതിർന്നവർക്കും പരിചരണത്തിനുള്ള ആശുപത്രി തുടങ്ങുന്നതിന് വേണ്ടി തുക വകയിരുത്തിയിട്ടുണ്ട്

8 കുട്ടികളിലെ അമിതവണ്ണം കുറയ്ക്കുന്നതിനും, അമിത വണ്ണം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നം പരിഹരിക്കുന്നതിനുമുള്ള ചികിത്സ പദ്ധതി "കൗമാരസ്ഥൗല്യം" നടപ്പിലാക്കു ന്നതിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

9 ജില്ലാ ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് പക്ഷാഘാത രോഗികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി "പുനർനവ". എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഹോമിയോപ്പതി വകുപ്പ്

10 ജില്ലയിൽ ഒരു ഡിസ്പെൻസറി മോഡൽ ഡിസ്പെൻസറിയായി ഉയർത്തുന്ന കാര്യം പരിഗണിച്ചുവരുന്നു

11 പെരിഫെറൽ ഒ.പി. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

12 സീതാലയം യൂണിറ്റുകൾ വ്യാപിപ്പിക്കുന്ന കാര്യ പരിഗണനയിലുണ്ട്

13 സദ്ഗമയ അഡോൾസന്റ് ഹെൽത്ത് കെയർ പ്രോഗ്രാം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു

14 ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ താലൂക്ക് ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

Deepu
സെക്ഷൻ ഓഫീസർ.

# അനുബന്ധം-2

## ആരോഗ്യവകുപ്പ്

1 സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും പുരുഷന്മാർക്കും പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രം

2 സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ, വായിലെ ക്യാൻസർ എന്നിവയുടെ സ്ക്രീനിംഗ് സൗകര്യം

3 ക്ഷയ രോഗ യൂണിറ്റിന്റെ കമ്പ്യൂട്ടർവൽക്കരണവും നെറ്റ് വർക്കിംങ്ങും

4 ജില്ലാ ആശുപത്രിയിൽ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററും, വാർഡും. എൽഡേർലി ഹെൽത്ത് കെയറും സ്ഥാപിക്കൽ

5 ജില്ലയിലെ ഒരു പ്രധാന ഗവ.ആശുപത്രിയിൽ പാലിയേറ്റീവ് കെയർ ചികിത്സ ആവശ്യമുള്ള രോഗികൾക്കായി വാർഡുകൾ സജ്ജമാക്കുക

6 നവജാത ശിശു പരിചരണത്തിനായി ഒരു സ്പെഷ്യൽ ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് സജ്ജീകരിച്ചുവരുന്നു

7 നഴ്സിംഗ് സ്കൂളിലെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഉദ്ഘാടനം

8 ജില്ലാ/ജനറൽ ആശുപത്രിയിൽ ട്രോമ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ സജ്ജമാക്കുക

9 താലൂക്കാശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സയ്ക്കുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിക്കൽ

10 താലൂക്കാശുപത്രികളിൽ പ്രത്യേക ബ്ലോക്ക് സ്ഥാപിക്കൽ

11 താലൂക്കാശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ

12 താലൂക്കാശുപത്രികളിൽ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കൽ

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

13 കൂട്ടിരിപ്പുകാരുടെ വിശ്രമകേന്ദ്ര സമർപ്പണം

14 പുതിയ മരുന്നു സംഭരണ ശാല സ്ഥാപിക്കൽ

15 അത്യാഹിത വിഭാഗത്തിന്റെ വികസനം

## ഭാരതീയ ചികിത്സാ വകുപ്പ്

16 കോഴിക്കോട് ജില്ലയിൽ പുറക്കാട്ടേരിയിൽ കുട്ടികൾക്കും, മുതിർന്നവർക്കും പരിചരണത്തിനുള്ള ആശുപത്രിയുടെ ശിലാസ്ഥാപനം

17 കരൾരോഗ മുക്തി മദ്യപാനം മൂലമുള്ള കരൾ രോഗങ്ങൾക്കുള്ള ആയുർവേദ ചികിത്സാ പദ്ധതി നടപ്പിലാക്കൽ

18 "കൗമാരസ്ഥൗല്യം" കുട്ടികളിലെ അമിതവണ്ണം കുറക്കുന്നതിനും അമിതവണ്ണം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിനുമുള്ള ചികിത്സാകേന്ദ്രമെന്ന പദ്ധതി ആരംഭിക്കൽ

19 "പുനർനവ" പക്ഷാഘാത രോഗികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമുള്ള പദ്ധതി നടപ്പിലാക്കൽ

## **ഹോമിയോപ്പതി വകുപ്പ്**

20 ഹോമിയോ ഡിസ്പെൻസറി മോഡൽ ഡിസ്പെൻസറിയായി ഉയർത്തൽ

21 പെരിഫറൽ ഒ.പി. കൾ ആരംഭിക്കൽ

22 സീതാലയം യൂണിറ്റുകൾ എല്ലാ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കൽ

23 സദ്ഗമയ അഡോൾസന്റ് ഹെൽത്ത് കെയർ പ്രോഗ്രാം നടപ്പിലാക്കൽ

24 ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ താലൂക്ക് ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കൽ

25 ആശുപത്രികളിൽ ലാബ് സൗകര്യം ഏർപ്പെടുത്തൽ

Deep

സെക്ഷൻ ഓഫിസർ